വാസികൾ ഗവമ്മെൻറിലേക്ക് എത്ര ഹർജികൾ ബോധിപ്പിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത സംഗതിയെ പരാമർശിച്ച് എത്ര പൊതുയോഗങ്ങളിൽ പ്രമേയങ്ങൾ പാസ്സാക്കി ഗവമ്മെൻറിലേക്കയച്ചിട്ടുണ്ട്;

(സി) പ്രസ്തുത ഹർജികൾക്കും പൊതുയോഗ പ്രമേയങ്ങൾക്കും ഗവമ്മെൻറ് അനുകൂലമായ മറുപടികൾ കൊടുത്തിട്ടില്ലേ;

(ഡി) പഞ്ചായത്തിൽ നിന്നും ഈ കുളം പണിയെ സംബന്ധിച്ച് എതെല്ലാം നടവടികൾ എടുത്തിട്ടുണ്ട്;

(ഇ) ആ പ്രദേശത്തു് എല്ലാ ജാതി മതസ്തർക്കും ഉപയോഗിക്കാവുന്ന പൊതുക്കുളം എതെങ്കിലും ഉണ്ടോ;

(എഫ്) ഇല്ലെങ്കിൽ ഹർജിക്കാർ ആവശ്യപ്പെട്ടതുപോലെ കുളത്തിൻറെ പണി കഴിയുന്ന വേഗത്തിൽ നടത്തുവാൻ ഒരു വഴിയുണ്ടാക്കുമോ?

ഡോക്ടർ എ. ആർ. മേനോൻ:

(എ) & (ബി) ഫ്രഫ്രസ-ലും ഫ്രഫ്രർ-ലും ഇതിനെപ്പറ്റി ഓരോ ഹർജികൾ കിട്ടിയിട്ടുണ്ട്. ചോദ്യത്തിൽ ഏതു കാലം മുതൽ ഏതു കാലം വരെ കിട്ടിയിട്ടുള്ള ഹർജികളും പ്രമേയങ്ങളുമാണെന്ന് പ്രത്യേകം പറഞ്ഞിട്ടില്ലാത്തതിനാൽ ശരിയായ സമാധാനം പറയുന്നതിന്ന് നിവൃത്തിയില്ല.

(സി) മുൻപറഞ്ഞ ഹർജികളിന്മേൽ കുളം നന്നാക്കേണമെങ്കിൽ ടി കുളം പ്രതിഫലം കൂടാതെ ഗവമ്മെൻറിലേക്ക് കഴിഞ്ഞുതരിക്കയൊ അല്ലെങ്കിൽ അതു് അകവയർ ചെയ്യുന്നതിനുള്ള സംഖ്യ ഹർജിക്കാർ കെട്ടിവെക്കുകയൊ ചെയ്യണമെന്നു് ഉത്തരവായിട്ടുണ്ട്.

(ഡി) ഫ്ര—ഫ്ര—ഫ്രഫ്രര -ൽ കൂടിയ പഞ്ചായത്തു യോഗത്തിൽ ഈ പണി നടത്തേണ്ടതാണെന്നു കാണിച്ച് റസലൂഷൻ പാസ്സാക്കീട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഗവമ്മെൻറ് ഉത്തരവിൽ പ്രസ്താവിച്ചപോലെ ഹരജിക്കാർ പ്രവൃത്തിക്കുന്നതായാൽ ഗവമ്മെൻറ് ഇക്കാര്യത്തിൽ വേണ്ടതു പ്രവൃത്തിക്കുന്നതാണു്.

KATTUR PANCHAYAT—AVALCHIRA—IMPROVEMENT OF

458. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് ദയവു മറുപടി പറയുമൊ.—

(എ) കാട്ടൂർ പഞ്ചായത്തിൽ പെട്ട ആവൽചിറ റോഡാവശ്യത്തിലേക്ക് ഇതുവരെ എന്തു ചിലവായിട്ടുണ്ട്;

(ബി) ചിലവുചെയ്തിട്ടുള്ള സംഖ്യ ഏതേതു കൊല്ലങ്ങളിൽ, ഏതേതു പണികൾക്ക്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വഴിപ്പണി ആവശ്യത്തിലേക്കു വല്ല സംഖ്യയും കാട്ടർ പഞ്ചായത്തു് യജമാനകൊല്ലത്തിലേക്കെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ആ വഴിപ്പണി കാലവിളംബമെന്നെ പൂർത്തീകരിച്ചു് ഗതാഗതയോഗ്യമാക്കിത്തീർപ്പാൻ ഗവൺമെണ്ടു് അനുഭാവം പ്രദർശിപ്പിക്കുമോ?

ഡോക്ടർ എ. ആർ. മേനോൻ:

(എ) ഇല്ലെന്നറിയുന്നു.

(ബി) ഫ്ലഡ്ഫണ്ടിൽ. ഒരു പാലം പണിക്കു്.

(സി) ഉണ്ടു്.

(ഡി) ഗവൺമെണ്ടു് ഇതിനെപ്പറ്റി ആലോചിക്കുന്നതാണു്.

MARKETING SOCIETY—TRICHUR—OFFICE OF

459. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഇപ്പോൾ രജിസ്റ്റർചെയ്തു തൃശ്ശിവപേരൂർ നടത്തിവരുന്ന മാർക്കറ്റിംഗ് സൊസൈറ്റി കെട്ടിടം ആരുടെ വകയാണു്;

(ബി) അതിനു പ്രതിമാസം എത്ര ഉറുപ്പിക വാടക കൊടുത്തുവരുന്നുണ്ടു്;

(സി) ആ ആഫീസു് തൃശ്ശിവപേരൂർ പട്ടണത്തിലെ ബസ്സ്റ്റാന്റിന്റെ ഏതു ഭാഗത്താണു്;

(ഡി) ആ സംഘത്തിൽ ഇപ്പോൾ ആരെയെല്ലാം നിയമിച്ചിട്ടുണ്ടു്;

(ഇ) ഓരോരുത്തരുടേയും പ്രതിമാസ രമ്പളം, പരീക്ഷായോഗ്യതകൾ ഇവകൾ എന്തെല്ലാം;

(എഫ്) പ്രസ്തുത സംഘം സിക്രട്ടറി ആരാണെന്നും അദ്ദേഹത്തിനു രമ്പളമോ അലവൻസോ ഓണറേറിയമോ ഇപ്പോൾ കൊടുത്തുവരുന്നുണ്ടോ എന്നും കൊടുക്കുന്നതു് ഏതുതരത്തിലാണെന്നും പറയാമോ;

(ജി) പ്രസ്തുത സംഘത്തിലെ ഇപ്പോഴത്തെ കമ്മിറ്റി മെമ്പർമാർ ആരെല്ലാം?

ഡോക്ടർ എ. ആർ. മേനോൻ:

(എ) ശ്രീകൃഷ്ണപുരം പാണ്ടികശാല ഉടമസ്ഥന്മാർക്കുവേണ്ടി ഒരു ട്രസ്റ്റിയുടെ വകയാണു്.

(ബി) മുപ്പതു് ഉറുപ്പിക.

(സി) ബസ്സ് സ്റ്റാൻറിൽനിന്നു് ഉദ്ദേശം ഒരു ഫർലോങ്ങ് പടിഞ്ഞാറെ ഭാഗത്താണു്.

(ഡി) ഒരു മാനേജരേയും ഒരു ശിപായിയേയും.

(ഇ) മാനേജർക്കു് ഇരുപത്തഞ്ചുറുപ്പികയും ശിപായിക്കു പതിനഞ്ചുറുപ്പികയും. മാനേജർ ഷോർട്ട്ഹാൻറ്, ടൈപ്പുറൈറ്റിംഗ്,

LIBRARY ARCHIVES Kerala Legislative Assembly